**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4447** — **25/10/2016 ൽ മറുപടിയ്ക്ക്**

**കട്ട,പായ,പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ പ്രതിസന്ധി**

**ചോദ്യം**
**ശ്രീ.എം.എം.മണി**
**ശ്രീ.പി.ഉണ്ണി**
**ശ്രീ.ജോർജ്ജ് എം.തോമസ്**
**ശ്രീ.മുരളി പെരുനെല്ലി**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ന്യായവില ലഭ്യമല്ലാത്തതിനാലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണവും പരിസ്ഥിതി സൗഹൃദമായ കട്ട, പായ, പനമ്പ് എന്നിവ ഉല്പാദിപ്പിക്കുന്ന നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുമോ ; | (ബി) | യന്ത്രവൽകരണത്തിലൂടെ കോർപ്പറേഷന്റെ പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുവാനും ഉല്പന്നത്തിന്റെ ഗുണമേന്മയും ഉല്പാദനവും ഉയർത്തുവാനും ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ബാംബൂ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഈറ്റയിൽ നിന്നും അളികീറി പനമ്പ് നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തൊഴിലാളികൾക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ "സ്ലീവറിംഗ് |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളും" ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ ഉല്പന്നങ്ങളുടെ വിപണി ഊർജ്ജിതമാക്കുന്നതിന് പരസ്യങ്ങളും പുതിയ വിപണന തന്ത്രങ്ങളും ഉൾപ്പെടുന്ന പദ്ധതികൾ സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | പരിസ്ഥിതി സൗഹൃദമായ ഇത്തരം പരമ്പരാഗത ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | (സി) | മുളയിൽ നിന്നും പരിസ്ഥിതി സൗഹൃദ ഉല്പന്നമായ 'ബാംബു ഫ്ലോറിംഗ് ടൈൽസ്' ഉല്പാദിപ്പിക്കുന്നതിനായി 2011 ൽ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് ഹൈടെക് ബാംബു ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി സ്ഥാപിച്ച്, ഫാക്ടറി മെഷിനറികളുടെ പുനഃക്രമീകരണം നടത്തി ഉല്പാദനം ശാസ്ത്രീയമാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബാംബു കോർപ്പറേഷൻ, ഈറ്റ-പനമ്പ് വ്യവസായത്തിന്റെ പുരോഗതിയ്ക്കായി സർക്കാർ സഹായത്തോടെ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ